# COCHIN DEVASWOM BOARD

**Round North, Thrissur – 680 001**
PH: 2331124, 2327028
E-mail. admin @cochindevaswomboard.org

No. R.9189/23 Dated : 09/08/2023

## പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള പടിഞ്ഞാറെ പള്ളിത്താമം ഗ്രൗണ്ടിൽ ശ്രീ വടക്കുംനാഥൻ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് പ്രവേശിക്കുന്നതിന്റെ ഇടതുഭാഗത്ത് കൈരളി തിയ്യറ്ററിനോട് ചേർന്നുള്ള ദേവസ്വം ഭൂമിയിൽ 2023 ഓണത്തോടനുബന്ധിച്ച് അത്തം മുതൽ 12 ദിവസത്തേയ്ക്ക് 2023 ആഗസ്റ്റ് 20 മുതൽ ആഗസ്റ്റ 31-ാം തിയ്യതികൂടി പൂക്കച്ചവടം നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. സീൽ ചെയ്ത ടെണ്ടറുകൾ 16/08/2023 3 പി.എം ന് മുമ്പായി നിരതദ്രവ്യമായി 25000/-ക (ഇരുപത്തി അയ്യായിരം രൂപ മാത്രം) യുടെ DD (കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്നത്) സഹിതം തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ അന്നേ ദിവസം 3.30 പി.എം ന് ഹാജരായ ടെണ്ടറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതുമാണ് നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല ടെണ്ടർ ലഭിക്കുന്ന വ്യക്തി നിയമാനുസൃത ജി.എസ്.ടി യും അടക്കേണ്ടതാണ്. കച്ചവടം നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും ടെണ്ടർ ലഭിച്ച വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും ചെയ്യേണ്ടതും 12-ാം ദിവസം കഴിയുന്ന മുറയ്ക്ക് കച്ചവടസ്ഥലം വൃത്തിയാക്കി പൂർവ്വസ്ഥിതിയിലാക്കി തിരികെ ഏൽപ്പിക്കേണ്ടതുമാണ്. കച്ചവടം നടത്തുന്ന ദിവസങ്ങളിലെ മാലിന്യങ്ങൾ അതാത് ദിവസം തന്നെ ടെണ്ടർ കൊണ്ട വ്യക്തി സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ടെണ്ടറുകാരൻ

മുഴുവൻ ലേല സംഖ്യയും ഉത്തരവിൽ പറയുന്ന തീയ്യതിക്ക് മുമ്പായി ഈ ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. ടി കോമ്പൗണ്ടിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്കോ, വഴി നടക്കുന്നവർക്കോ, തടസ്സം വരാത്ത രീതിയിൽ പൂക്കച്ചവടം നടത്തേണ്ടതാണ്. ഈ ടെണ്ടർ ബോർഡിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തിവക്കുന്നതിനും മറ്റുയുക്തമെന്ന് തോന്നുന്ന നടപടി സ്വീകരിക്കുന്നതിനും താഴെ ഒപ്പുവെയ്ക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവർത്തിസമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

സെക്രട്ടറി (ഇൻചാർജ്ജ്)
കൊച്ചിൻ ദേവസ്വം ബോർഡ്